**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1429** **14-03-2022 - ൽ മറുപടിയ്ക്ക്**

**എഫ്.എം.ബി. യിൽ വന്നിട്ടുള്ള അപാകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വില്ലേജിലെ എഫ്.എം.ബി.യിൽ വന്നിട്ടുള്ള അപാകത പരിഹരിക്കുന്നതിനായി തഹസീൽദാർക്ക് അപേക്ഷ നൽകിയാൽ റീസർവ്വെ നടപടി സ്വീകരിച്ച് എഫ്.എം.ബി. യിലെ തെറ്റ് തിരുത്തുന്നതിന് എത്ര ദിവസത്തെ കാലതാമസം എടുക്കുമെന്ന് അറിയിക്കുമോ; | (എ) | എഫ്.എം.ബി.യിൽ വന്നിട്ടുള്ള അപാകത പരിഹരിക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ എൽ.ആർ.എം വിഭാഗത്തിൽ ഉൾപ്പെടുന്നു. ആയത് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ പ്രത്യേക സമയപരിധി നിശ്ചയിച്ചിട്ടില്ല. |
| (ബി) | ഇത്തരത്തിലുള്ള കാര്യങ്ങളിൽ സാധാരണ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും കാലതാമസവും ഒഴിവാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ ഭൂമി സംബന്ധമായ പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങൾ ഭേദഗതികൾ ചെയ്ത് നടപടികൾ ഏകീകരിച്ച് 26.08.2017 ലെ സ.ഉ.(എം.എസ്) 303/17/റവന്യൂ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം റീസർവ്വെ പരാതികൾ പരിഹരിക്കാൻ അതത് താലൂക്കിലെ ഭൂരേഖ തഹസിൽദാർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപ്പീൽ അധികാരിയായി റവന്യൂ ഡിവിഷണൽ ഓഫീസർമാരെയും, റിവിഷൻ അധികാരിയായി ജില്ലാ കളക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റീസർവ്വെ അദാലത്തുകൾ നടത്തി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുവരുന്നു. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഡിജിറ്റൽ റീസർവ്വെ നടപടികൾ പൂർത്തിയാകുന്നതോടെ പ്രശ്നപരിഹാരം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ